(സി) വികലാംഗരെ മത്സര പരീക്ഷകളിൽ സജ്ജമാക്കുന്നതിനായുള്ള പദ്ധതി കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.

(ഡി) വികലാംഗരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിന് ഒരു വൃദ്ധ സദനം തിരുവനന്തപുരം ജില്ലാപഞ്ചായത്തുമായി ചേർന്ന് പാറശ്ശാലയിൽ സ്ഥാപിച്ചിട്ടുണ്ട്.

സ്പാൻ പദ്ധതി

16(*228) ശ്രീ. ജി. കാർത്തികേയൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശുദ്ധജല വിതരണത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സ്പാൻ പദ്ധതിയിൻ കീഴിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനായി ;

(ബി) ഇതിനായി ഈ വർഷം എന്തു തുക സഹായധനം ലഭ്യമാക്കുമെന്നാണ് കരുതുന്നത് ;

(സി) ഈ പദ്ധതി എന്ന് പൂർത്തിയാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഇതു വരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത് എന്ന് വിശദീകരിക്കുമോ ;

(ഇ) ഈ പദ്ധതിക്കു പുറമേ കുടിവെള്ള പദ്ധതികൾക്ക് ഉത്തേജക പാക്കേജിന്റെ ഭാഗമായി ഈ വർഷം മറ്റെന്തൊക്കെ പ്രോജക്ടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(എഫ്) ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ പദ്ധതി നടത്തിപ്പിനായി ഈ വർഷം എന്തു തുക ചിലവഴിക്കും ?

ജലവിഭവ വകുപ്പു മന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ,

(എ). നബാർഡിന്റെ സാമ്പത്തികസഹായത്തോടെ നടപ്പിലാക്കുന്ന സ്പാൻ പദ്ധതിയിൽ 36 കുടിവെള്ള വിതരണപദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 5 പദ്ധതികൾ പൂർണ്ണമായും ഒരു പദ്ധതി ഭാഗികമായും കമ്മീഷൻ ചെയ്തു.

12 പദ്ധതികൾ കൂടി ഈ സാമ്പത്തികവർഷവും ശേഷിക്കുന്ന 18 പദ്ധതികൾ അടുത്ത സാമ്പത്തിക വർഷവും പൂർത്തിയാക്കാൻ കഴിയത്തക്ക രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പു സാമ്പത്തികവർഷം 35.61 കോടി രൂപ ലഭിക്കുകയും ചെലവഴിച്ച 37.5 കോടി രൂപയുടെ ക്ലെയിം നബാർഡിൽ സമർപ്പിച്ചിട്ടുമുണ്ട്. തുടർന്നുള്ള മാസങ്ങളിൽ ചെലവാകുന്ന തുക കൂടി പരിഗണിക്കുമ്പോൾ ഈ സാമ്പത്തികവർഷം മൊത്തം 120 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) പദ്ധതി 2011 മാർച്ചോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും കോൺട്രാക്ടർമാർ ഉയർന്ന തുക കാട്ടു ചെയ്തതിനാൽ പദ്ധതി ഘടകങ്ങളുടെ ടെണ്ടറുകൾ ഉറപ്പിക്കുന്നതിൽ വന്ന കാലതാമസവും പി.ഡബ്ലിയു.ഡി/ കെ.എസ്.റ്റി.പി. /ഹൈവേ അതോറിറ്റികളിൽ നിന്നും റോഡ് കട്ടിംഗിന് അനുമതി ലഭിക്കുന്നതിനുവന്ന കാലതാമസവും ഈ വർഷത്തെ അമിത മഴയും കാരണം പദ്ധതി പൂർത്തീകരണം വൈകിയതിനാൽ 18 പദ്ധതികൾ അടുത്ത സാമ്പത്തികവർഷം മാത്രമേ പൂർത്തിയാക്കാൻ കഴിയുകയുള്ളു എന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) സ്പാൻ പദ്ധതികളിൽ ഉൾപ്പെടുത്തിയ 36 പദ്ധതികളുടെ വിവിധ ഘടകങ്ങൾ 99 പാക്കേജുകളായാണ് ടെണ്ടർ ചെയ്തത്. അവയിൽ 81 ടെണ്ടറുകൾക്ക് അനുമതി നൽകി വിവിധ ഘട്ടങ്ങളിലായി പണികൾ പുരോഗമിച്ചു വരുന്നു. 15 പാക്കേജുകളുടെ റീടെണ്ടർ പരിശോധനയിലും 3 പാക്കേജുകൾ റീടെണ്ടർ ചെയ്യേണ്ടതായിട്ടും ഉണ്ട്.

പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനായി ഫാസ്റ്റ്ട്രാക്ക് സംവിധാനം ഏർപ്പെടുത്തുകയും ടെണ്ടർ നടപടികൾ വേഗത്തിലും സുതാര്യമായും പൂർത്തിയാക്കുന്നതിനായി വാട്ടർ അതോറിറ്റി മേഖലാതലത്തിലും ഹെഡ് ഓഫീസ് തലത്തിലും പ്രത്യേക ടെക്നിക്കൽ കമ്മിറ്റികളും, സർക്കാർ തലത്തിൽ എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. 1.5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന ടെണ്ടറുകൾക്ക് ഇ-ടെണ്ടറിംഗ് സംവിധാനം ഏർപ്പെടുത്തി.

(ഇ) നടപ്പു സാമ്പത്തികവർഷം 5 പദ്ധതികൾ സാർക്കിൽ (Special Assistance Against Recession in Kerala) ഉൾപ്പെടുത്തിയിരുന്നു. ഇവയിൽ മുന്നിയൂർ- തേഞ്ഞിപ്പലം- ചേലാമ്പ്ര-പെരുവള്ളൂർ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി മെച്ചപ്പെടുത്തൽ, വെണ്ണിയൂർ സോണിലെ ശുദ്ധജലവിതരണപദ്ധതി മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ഭരണാനുമതി നൽകുകയും മറ്റ് മൂന്നു പദ്ധതികളായ എ.ആർ.ഡബ്ലിയു. എസ്.എസ്. മണലൂർ കാരമുക്ക് ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ, ബേലൂരിനും സമീപ വില്ലേജുകൾക്കുമുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, കൊണ്ടോട്ടി-നെടിയിരുപ്പ് ശുദ്ധജലവിതരണ പദ്ധതി മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിണനയിലാണ്.

(എഫ്&ജി). ഭരണാനുമതി നൽകിയ രണ്ടു പദ്ധതികൾ പ്രാരംഭഘട്ടത്തിലും മറ്റ് മൂന്ന് പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുമായതിനാൽ എത്ര രൂപ ചെലവഴിക്കാൻ കഴിയുമെന്ന് ഇപ്പോൾ തിട്ടപ്പെടുത്താൻ കഴിയുകയില്ല. നടപ്പു സാമ്പത്തികവർഷം പദ്ധതികൾക്കായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly